For circulation among believers only

RNI Reg No. KERMAL/2009/31779
Postal Reg.No. KL/EKM/702/2010-12
Annual Subscription Rs. 50

Posted at Kochi PSO
22nd July 2011

If undelivered, please return to
Renewal Athmika Puthukkathine
PB No. 2665, Shanmugham Road P.O,
Broadway, Ernakualm, Cochin 682031

ആത്മീക പുതുക്കത്തിന്

വാല്യം - 2 | ലക്കം - 6 | ജൂൺ/ജൂലൈ 2011

# ദൈവിക വാഗ്ദത്തങ്ങളും പ്രാർത്ഥനയും

– മാത്യു പോൾ

തന്റെ ഭാര്യ മച്ചിയായിരുന്നതുകൊണ്ട് യിസ്ഹാക്ക് അവൾക്കുവേണ്ടി യഹോവയോടു പ്രാർത്ഥിച്ചു. യഹോവ തന്റെ പ്രാർത്ഥന കേട്ടു, അവന്റെ ഭാര്യ റിബെക്കാ ഗർഭം ധരിച്ചു. ഉല്പത്തി 25:21

ദൈവത്തിന്റെ വാഗ്ദത്തങ്ങളും നമ്മുടെ പ്രാർത്ഥനകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി വ്യക്തമായ ഉൾക്കാഴ്ച ഈ വാക്യത്തിലൂടെ ലഭിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സ്വഭാവികമായി സംഭവിക്കുന്നു എന്ന് വളരെയധികം വിശ്വാസികൾ പോലും ചിന്തിക്കുന്നതുകൊണ്ട് ഈ വിഷയം പല തെറ്റിദ്ധാരണകൾക്കും വഴിതെളിക്കുന്നതാണ്. ദൈവം തന്റെ വാഗ്ദത്തം നിവർത്തിക്കുവാൻ അക്ഷമരായി കാത്തിരിക്കുകയും ചിലപ്പോൾ തന്റെ വാഗ്ദത്തങ്ങൾ പാലിക്കാത്തതിന് ദൈവത്തെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

നിവർത്തിക്കപ്പെടാത്ത ദൈവീക വാഗ്ദത്തങ്ങളെപ്പറ്റിയുള്ള രഹസ്യം മേൽപ്പറഞ്ഞ വാക്യത്തിലൂടെ നമുക്കു മനസ്സിലാകുന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽപോലെയും സന്തതി ഉണ്ടാകുമെന്ന് ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്തതു നമുക്കറിയാം (ഉല്പത്തി 22:17) എന്നാൽ തന്റെ വാഗ്ദത്ത സന്തതിയെ കണ്ടു സന്തോഷിക്കുവാൻ അബ്രഹാമിനു കാൽ നൂറ്റാണ്ടു കാത്തിരിക്കേണ്ടി വന്നു. അബ്രഹാം വീട്ടുവീഴ്ച ചെയ്യാനും യിശ്മായേലിനെ തന്റെ അനന്തരവകാശിയായി സ്വീകരിക്കാനും വരെ സന്നദ്ധനായ ഒരു സമയം ഉണ്ടായി (ഉല്പത്തി 17:18). വാഗ്ദത്ത സന്തതിക്കുവേണ്ടി കാത്തിരുന്ന് അബ്രഹാം മുഷിഞ്ഞു എന്നു നമുക്കു ഊഹിക്കാം. ദൈവത്തോട് താൻ പ്രാർത്ഥനയിലൂടെ സംസാരിക്കുമ്പോൾ മറിച്ചൊരു നിർദ്ദേശം പറയുന്നു. അതായത് തന്റെ ജഡത്തിന്റെ സന്തതിയെ വാഗ്ദത്ത സന്തതിയായി സ്വീകരിക്കാമെന്ന്. പക്ഷെ ദൈവം അബ്രഹാമിന് നൽകിയ തന്റെ വാഗ്ദത്തിൽ യാതൊരു മാറ്റവും വരുത്താൻ തയ്യാറല്ലായിരുന്നു. ദൈവം അതിന് പറ്റില്ല എന്നു പറയുകയും ആ വാഗ്ദത്തം നിവർത്തിക്കും വരെ അബ്രഹാം ക്ഷമയോടെ കാത്തിരിക്കുവാനും ആഗ്രഹിച്ചു. എന്നാണ് ആ മഹത്വകരമായ ദിവസം എന്ന് അബ്രഹാം ദൈവത്തോട് ചോദിക്കുന്നത് നമുക്ക് സങ്കൽപ്പിക്കുവാൻ കഴിയും. എത്രയും വേഗം ആ വാഗ്ദത്തം നടന്നു കാണുവാൻ അബ്രഹാം കാത്തിരിക്കുകയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. ക്ഷമയോടെയുള്ള കാത്തിരിപ്പിനും വിശ്വസിച്ചുകൊണ്ടുള്ള പ്രാർത്ഥനകളുടെയും മറുപടിയായി ഒടുവിൽ ദൈവം വാഗ്ദത്തം ചെയ്തതുപോലെ യിസ്ഹാക്ക് ജനിച്ചു.

ഈ സത്യം പിന്നീടുള്ള സംഭവങ്ങളിലൂടെ ഉറപ്പിക്കാൻ കഴിയും. യിസ്ഹാക്ക് വിവാഹിതനായെങ്കിലും വാഗ്ദത്തം നിവർത്തിക്കാൻ മറ്റൊരു പ്രശ്നം! റിബേക്കാ മച്ചിയായിരുന്നു എന്നാണ് നാം കണ്ടത്. ഒട്ടും പ്രതീക്ഷിക്കാത്ത കാര്യമായിരുന്നു അത്. സ്വഭാവി


മാത്യു പോൾ

കമായ പ്രക്രിയയിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ യാഥാർത്ഥ്യമാവുകയില്ലെന്ന സത്യം ഈ സാഹചര്യം നമ്മെ പഠിപ്പിക്കുന്നു. കടൽക്കരയിലെ മണൽപോലെ സന്തതിയുണ്ടാകുമെന്ന് ദൈവം വാഗ്ദത്തം ചെയ്തതും ദൈവത്തിന്റെ വാഗ്ദത്തം ഒന്നുപോലും പാഴാവുകയില്ല എന്നതും വ്യക്തമായ സത്യങ്ങളാണ്. ദൈവം തന്റെ വാഗ്ദത്തം ഒരിക്കലും പരാജയപ്പെടാതെ നിവർത്തിക്കുവാൻ വിശ്വസ്തനാണ്. പക്ഷേ അതിശയകരമായ സത്യം തന്റെ ജനത്തിന്റെ പ്രാർത്ഥനയുടെ മറുപടിയായി മാത്രമാണ് തന്റെ വാഗ്ദത്തം നിവർത്തിക്കുന്നത് എന്നതാണ്. എല്ലാ വാഗ്ദത്തങ്ങളും നമുക്കായി തന്റെ വചനത്തിൽ എഴുതിയിരിക്കുന്നു. (റോമർ 1:2) എല്ലാ വാഗ്ദത്തങ്ങളും വിശ്വസിക്കുന്നവർക്കാണ് (ഗലാ 3:22) ദൈവിക വാഗ്ദത്തങ്ങൾ വിശ്വാസത്താലും ദീർഘക്ഷമയാലും അവകാശമാക്കണമെന്ന് എബ്രായർ 6:12,15 ൽ നാം കാണുന്നു. ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതിനാൽ വിശുദ്ധിയെ തികെച്ചുകൊൾക. (1 കൊരി 7:1) ഇപ്പറഞ്ഞതിന്റെയെല്ലാം അടിസ്ഥാനത്തിൽ ശ്രദ്ധയേറിയ പ്രാർത്ഥനയിൽ നാം തുടരുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഒരിക്കലും യാഥാർത്ഥ്യമാകില്ല ദൈവവചനത്തിലൂടനീളം ഈ സത്യം വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നമ്മുടെ ജീവിതത്തിൽ ദൈവിക വാഗ്ദത്തങ്ങൾ സ്വന്തമാക്കാൻ ഇക്കാര്യം ശ്രദ്ധിക്കുക.

ഈ സത്യത്തിന്റെ ഉത്തമ ഉദാഹരണമാണ് യാക്കോബിന്റെ ജീവിതം. ബെഥേലിൽ വന്ന തനിക്ക് അവിടെ വച്ച് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ലഭിച്ചു. (ഉല്പത്തി 28:10–22). പിന്നീട് നീണ്ട ഇരുപതു വർഷങ്ങളുടെ ഇടവേളയിൽ തന്റെ ജീവിതം അനുഗ്രഹമാക്കാൻ എല്ലാ കുറുക്കുവഴികളും യാക്കോബ് തേടി. കഷ്ടമെന്നു പറയട്ടെ ഇരുപതു വർഷം കഴിഞ്ഞിട്ടും ഭൗതികമായി വളർന്നെങ്കിലും മുമ്പെന്നത്തെക്കാളും താൻ ദുരിതപൂർണ്ണനായി തീർന്നു. പക്ഷേ പെനിയേലിൽ വച്ച് രാത്രി മുഴുവനും മല്ലുപിടിച്ച് വാഗ്ദത്തത്തിന്റെ അവകാശിയായി. തന്റെ പേരും മാറി ആകമാനം പുതിയ ഒരു വ്യക്തിയായി മാറി. ബെഥേലിൻ വാഗ്ദത്തം കിട്ടിയെങ്കിലും പെനിയേൽ അനുഭവത്തിലൂടെയാണ് തന്റെ ജീവിതത്തിൽ വാഗ്ദത്തങ്ങൾ നിറവേറിയതെന്നു നമുക്കു മനസ്സിലാക്കാം. ദാനീയേൽ 9:2,3 ൽ ദാനീയേലും ഈ സത്യം ശരിക്കു മനസ്സിലാക്കിയിരുന്നതായി നമുക്കു ചിന്തിക്കാം. യെരുശലേമിന്റെ ശൂന്യാവസ്ഥ 70 വർഷമാണെന്ന് ഗ്രഹിച്ചപ്പോൾ വാഗ്ദത്ത നിവൃത്തിക്കുള്ള കാലഘട്ടത്തിലാണ് താൻ ജീവിക്കുന്നത് എന്നത് മനസ്സിലായി. അപ്പോൾ ദാനിയേൽ പ്രാർത്ഥനകളോടും യാചനകളോടും കൂടെ ദൈവത്തിങ്കലേക്കു തിരിഞ്ഞു. അങ്ങനെ 70 വർഷത്തെ പ്രവാസകാലത്തിന്റെ മർമ്മം ദൈവം ദാനീയേലിന് വെളിപ്പെടുത്തി. തിരുവചനത്തിലെ ഏറ്റവും ഗൗരവമേറിയ ആ ഭാഗത്ത് നമ്മുടെ കർത്താവിന്റെ ക്രൂശികരണത്തിന്റെ കൃത്യമായ തീയതി നമുക്കു ലഭിക്കുന്നു. (ദാനി. 9:26) തന്റെ പ്രവാചകൻ മുഖാന്തിരം ദൈവം നൽകിയ വാഗ്ദത്തം നിവർത്തിക്കുവാൻ ദൈവത്തോടുള്ള പ്രാർത്ഥനക്കായി ദാനിയേൽ സമയമെടുത്തതു കൊണ്ടാണ് ഈ സത്യം തനിക്കു ലഭിച്ചത്.

ദൈവത്തിന്റെ വിലയേറിയ വചന

ശേഷം 3-ാം പേജിൽ

## ഡേവിഡ് വിൽക്കേഴ്സൺ നിത്യതയിൽ

'ദി ക്രോസ് ആന്റ് ദി സ്വിച്ച് ബ്ലേഡ് എന്ന ബെസ്റ്റ് സെല്ലറിന്റെ എഴുത്തുകാരനും സുപ്രസിദ്ധ സുവിശേഷ പ്രവർത്തകനുമായിരുന്ന ഡേവിഡ് വിൽക്കേഴ്സൺ (79) അമേരിക്കയിലെ ഡാലസിൽ കാറപകടത്തിൽ അന്തരിച്ചു. ലഹരി മരുന്നിനു അടിമകളായ യുവാക്കളെ സാധാരണ ജീവിതത്തിലേക്കു കൊണ്ടുവരുന്ന ശുശ്രൂഷയിലൂടെയാണ് വിൽക്കേഴ്സൺ പ്രസിദ്ധനായത്. തന്റെ പുസ്തകം 30 ഭാഷകളിലായി ഒന്നരകോടിയോളം വിറ്റഴിഞ്ഞു.



ഫിൽസ് ബർഗിൽ ഒരു ചെറിയ സഭയിൽ ശുശ്രൂഷകനായിരിക്കെ കൊലക്കുറ്റത്തിനു ന്യൂയോർക്കിൽ കോടതി വിചാരണ നേരിടുന്ന കൗമാര അധോലോക സംഘത്തിലെ കുട്ടികളുടെ ചിത്രം ലൈഫ് മാസികയിൽ കണ്ടതാണ് താൻ വെല്ലുവിളിയായി ഏറ്റെടുത്തത്. ഈ കുട്ടികളെ രക്ഷിക്കാൻ ന്യൂയോർക്കിലെത്തിയ വിൽക്കേഴ്സൺ കൊള്ളയും കൊലയും മൂലം ജീവിതം നശിപ്പിക്കുന്ന കൗമാര അധോലോക സംഘങ്ങളുടെ ഇരുണ്ട താവളത്തിലാണ് ചെന്ന് പെട്ടത്. ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയ സംഭവബഹുലമായ കഥയാണ് 1970 ൽ ചലച്ചിത്രമായ ദി ക്രോസ് ആന്റ് ദി സ്വിച്ച് ബ്ലേഡ് എന്ന പുസ്തകത്തിലുള്ളത്. കുരിശും കഠാരയും എന്ന മലയാള പരിഭാഷ ഇതിനുണ്ട്. താൻ നേതൃത്വം നൽകിയ വേൾഡ് ചലഞ്ചിന്റേതായ 110 ലഹരിമരുന്ന് വിമോചന കേന്ദ്രങ്ങൾ വിവിധ രാജ്യങ്ങളിലുണ്ട്. 'കൺട്രി പ്രീച്ചർ' എന്നറിയപ്പെട്ടിരുന്ന വിൽക്കേഴ്സന്റെ ജീവിതം കേരളത്തിലേതുൾപ്പെടെ അനവധി യുവജന പ്രവർത്തകർക്ക് പ്രചോദനമായത് നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

## അങ്കമാലിയിൽ യൂത്ത് റിവൈവൽ ക്യാമ്പ്

യുവതീ യുവാക്കളുടെ ആത്മീക ഉണർവിനായി അങ്കമാലി ടൗൺ ബ്രദ്റൻ സഭയുടെ ആഭിമുഖ്യത്തിൽ കറുകുറ്റി അസ്സീസ്സി ശാന്തി കേന്ദ്ര ക്യാമ്പ് സൈറ്റിൽ സെപ്ഷ്യൽ ക്യാമ്പ് നടക്കുന്നു. 201 ആഗസ്റ്റ് 13 ശനി വൈകിട്ട് 5 മുതൽ 15 തിങ്കൾ വൈകിട്ട് 7 വരെ നടക്കുന്ന ക്യാമ്പിന്റെ മുഖ്യ ചിന്താവിഷയം ശിഷ്യത്വം എന്നതാണ്. 16 മുതൽ 30 വരെ വയസ്സ് പ്രായമുള്ള അങ്കമാലിയിലും ചുറ്റുപാടുമുള്ള സഭകളിലെ യുവതീ യുവാക്കൾക്കുവേണ്ടിയാണ് ഈ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ജോയി ജോൺ, കെ. തോമസ് മാത്യു എന്നിവരും യുവ സഹോദരിമാർക്കായി സീനിയർ സഹോദരിമാരും ക്ലാസ്സുകളെടുക്കും. പഠനത്തിന്റെയും ജോലിയുടെയും വിരസതകളിൽ നിന്ന് വിടചൊല്ലി പിരിമുറുക്കവും ആശങ്കകളുമില്ലാത്ത സന്തോഷം നിറഞ്ഞ മൂന്നു ദിനങ്ങൾ ക്യാമ്പ് സംഘാടകർ വാഗ്ദാനം ചെയ്യുന്നു. ക്യാമ്പിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് സഹോദരന്മാരായ ഇ. പി. സാമുവേൽ, ഇ.എം. വർക്കി എന്നിവർ അഭ്യർത്ഥിക്കുന്നു.




–ജിജോയ് വർഗീസ്.

## റ്റി.എം.എം. ആശുപത്രിയുടെ പുതിയ ബ്ലോക്ക്

തിരുവല്ലാ മെഡിക്കൽ മിഷൻ ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ പണി പൂർത്തിയാകുന്നു. താഴത്തെയും ഒന്നാമത്തെയും നിലകളുടെ സമർപ്പണം 2010 നവംബർ 1ന് നടന്നു. ഈ ജൂലൈ 30 ശനിയാഴ്ച രണ്ടും മൂന്നും നിലകളുടെ സമർപ്പണ പ്രാർത്ഥന നടക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും ഭരണ സമിതിയിലുള്ള ചില സഹോദരന്മാരുടെ കഠിന പ്രയത്നവും ഇതിന്റെ പിന്നിലുണ്ട്. താഴത്തെ നിലയിൽ കാഷ്വാലിറ്റി, റിസപ്ഷൻ, ഫാർമസി, ഓർത്തോ കൺസൽട്ടൻസി, ഫിസിയോ തെറാപ്പി, എക്സറേ തുടങ്ങിയവയാണ്.

രണ്ടാം നില അത്യാധുനികമായ 8 ഓപ്പറേഷൻ തിയേറ്ററുകളും, റിക്കവറി റൂമുകൾ, സർജിക്കൽ ഐ.സി.യു. എന്നിവയ്ക്കുമായി മാറ്റി വച്ചിരിക്കുന്നു.

മൂന്നാം നില 20 പ്രൈവറ്റ് റൂമുകളും 15 ബെഡ്ഡുകളുമുള്ള ഒരു ജനറൽ വാർഡുമാണ്. ഇവയെല്ലാം എയർ കണ്ടീഷൻ സംവിധാനത്തോടെയാണ് ക്രമീകരിച്ചിരിക്കുന്നത്.



പുരോഗതിയുടെ അടുത്ത പടിയിലും മിഷൻ ആശുപത്രിയുടെ ദൗത്യം തുടരാൻ ദൈവജനത്തിന്റെ പ്രാർത്ഥന തുടർന്നും ഉണ്ടാകണം. കേരളത്തിലെ പ്രശസ്തമായ നമ്പൂതിരി കുടുംബത്തിൽ നിന്നും വിശ്വാസത്തിനുവേണ്ടി വില നൽകി മുമ്പോട്ടു വന്ന ലോക പ്രശസ്ത ന്യൂറോ സർജനായിരുന്ന ഡോ. കെ.എൻ നമ്പൂതിരിപ്പാടിന്റെ പേര് പുതിയ ബ്ലോക്കിന് പൊതുവായോ പ്രധാന ഭാഗത്തിനോ നൽകുന്നത് എന്തുകൊണ്ടും ഉചിതമായിരിക്കും. റ്റി. എം.എംന്റെ ഡയറക്ടറായിരിക്കെ ഈ ആശുപത്രിയിൽ വച്ചാണ് താൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടത്.

## പക്കാഞ്ചോർ വാർത്തകൾ

300 ലധികം ഗ്രാമങ്ങളും ചുറ്റുപാടുമുള്ള ഗോത്രവർഗ്ഗ മേഖലകളും ഡോക്ടേഴ്സിനായി കാത്തിരിക്കുന്നു. ജീവിതത്തിൽ ഒരു വർഷമെങ്കിലും മിഷൻ പ്രവർത്തനത്തിനായി മെഡിക്കൽ മേഖലയിലുള്ള എത്ര പേർ തയ്യാറാകും? ആശുപത്രി കെട്ടിടവും, ക്വാർട്ടേഴ്സും തയ്യാറാണ്. പ്രവർത്തനങ്ങളുടെ കോ-ഓർഡിനേറ്ററായി സഹോ. ടോമി വർഗ്ഗീസ് ഏറ്റുമാനൂർ, ചുമതല ഏൽക്കുകയും കുടുംബമായി ആശുപത്രി വളപ്പിൽ താമസമാക്കുകയും ചെയ്തിട്ടുണ്ട്. ഭാര്യ ഷേർലി, മക്കൾ പ്രിസ്ക, ഒലീവിയ.



ഡോക്ടർമാർ, നേഴ്സുമാർ, ലാബ് ടെക്നീഷ്യൻ, പ്ലംബർ, ഇലക്ട്രീഷ്യൻ, ഡ്രൈവർ തുടങ്ങിയ എല്ലാത്തരത്തിലുള്ളവരെ ആവശ്യമുണ്ട്. ദൈവമക്കളുടെ പ്രാർത്ഥനയും പങ്കാളിത്തവും അഭ്യർത്ഥിക്കുന്നു.

Asha Kiran Mission Hospital,
Matoli Village, Pakhanjore, Kanker
Dist.,Chhattisgarh - 494776.
Tel. 07587207583/9447360417.
Email: pakhanjorehospital@gmail.com

# രാജസ്ഥാനിലെ റായ്സിംഗ് നഗറിലൊരു 'തൃശൂർ ടച്ച്'

തൃശൂർ ചേലക്കോട്ടുകരയിലെ ഒരു നാമധേയ ക്രിസ്തീയ കുടുംബത്തിലാണ് ബാരിഷ് ജനിച്ചത്. പള്ളിയിൽ പതിവായി പോയി 'വിശുദ്ധ' ജീവിതം നയിക്കാനാഗ്രഹിച്ച ബാരിഷിന് 1990 ൽ 20-ാം വയസ്സിൽ തന്റെ പിതാവ് മരിച്ചത് വലിയ ആഘാതമായി. സുവിശേഷം ഒരു സഹോദരൻ പങ്കു വച്ചപ്പോൾ ബൈബിൾ പഠിക്കാനാരംഭിച്ചു. സഹോ. ഫ്രാൻസിസ് ഡേവിഡ് ബൈബിൾ ക്ലാസെടുത്തുകൊണ്ടിരുന്നപ്പോൾ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. മൂന്നു മാസത്തിനു ശേഷം സ്നാനപ്പെട്ടു. തന്റെ ബിസിനസ്സിനോടൊപ്പം കർത്തൃവേലയിൽ പങ്കെടുത്തുവന്ന ബാരിഷ് 1997ൽ രാജസ്ഥാനിലെ കർത്തൃദാസൻ ദർശൻ സിംഗിന്റെ മകൾ ജോസഫൈനെ വിവാഹം കഴിച്ചു. രാജസ്ഥാൻ യാത്രകളാണ് ആ ദേശത്തോടുള്ള ഭാരം തന്റെ ഹൃദയത്തിൽ ഉളവാക്കിയത്. 1999 ൽ കുടുംബമായി ശ്രീ ഗംഗാനഗറിലേക്കു താമസം മാറ്റി. അവിടെയും ബിസിനസ്സ് തുടർന്നെങ്കിലും 2001 നവംബർ 21 ന് പൂർണ്ണസമയ ശുശ്രൂഷയ്ക്കായി വ്യക്തമായ വിളിയുണ്ടായി. അങ്ങനെ ബിസിനസ്സ് നിർത്തി. തുടർന്ന് ചെന്നൈയിലെ സ്റ്റീവാർഡ്സ് ബൈബിൾ കോളേജിൽ വേദപഠനം കഴിഞ്ഞ് 2004 ഏപ്രിലിൽ രാജസ്ഥാനിൽ മടങ്ങിയെത്തി.


ശ്രീഗംഗാനഗർ സഭ സുവിശേഷ വേലയ്ക്കായി കമന്റ് ചെയ്തു. 6 വർഷത്തോളം സഭയോടു ചേർന്ന് വിവിധ ശുശ്രൂഷകൾ ചെയ്തു. സഭാ പ്രവർത്തനമില്ലാത്ത സ്ഥലത്തേക്ക് തന്നെ അയക്കണമേ എന്ന പ്രാർത്ഥനയുടെ ഫലമായാണ് 70 കിലോമീറ്റർ അകലെയുള്ള റായ്സിംഗ് നഗറിൽ ബാരിഷ് ചെന്നെത്തിയത്. മരുപ്രദേശത്തിന്റെ ഇടയിലുള്ള ഒരു ചെറിയ പട്ടണമായ റായ്സിംഗ് നഗർ ക്ഷേത്രങ്ങളുടെയും ഗരുദ്വാരകളുടെയും നാടാണ്. ഒരു ക്രിസ്തീയ കൂടിവരവുമില്ലാത്ത അവിടെ ബാരിഷും കുടുംബവും 2010 മെയിൽ എത്തി. അതേ വർഷം ഒക്ടോബർ 17ന് പുതിയ സഭാ ആരാധന തുടങ്ങി. ഏകദേശം 30 ഓളം പേർ കൂടിവരുവാനുള്ളതിൽ 8 പേർ കർത്തൃമേശയിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. ഈ വർഷം മെയ് 24ന് 5 പേർ കൂടി സ്നാനപ്പെട്ടു. ഇവരെല്ലാം നാട്ടുകാർ തന്നെയാണ്. മിക്കവരും അക്ഷരാഭ്യാസം ഇല്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമാണ്. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള സ്ഥലമായ റായ്സിംഗ് നഗറിൽ ഫാക്ടറിയോ വ്യവസായങ്ങളോ ഇല്ല. ആളാം പ്രതി സുവിശേഷ വേലയാണ് ഏറ്റവും ഫലപ്രദം. എഴുത്തും വായനയും ആളുകൾക്ക് അറിയാത്തതുകൊണ്ട് കഥയിലൂടെയും ചിത്രങ്ങളുടെ സഹായത്തോടെയുമാണ് വചനം പഠിപ്പിക്കുന്നത്. പാട്ടുകളിലൂടെയും വേദപുസ്തക സത്യങ്ങൾ അവർ പഠിക്കുന്നു. കുട്ടികളുടെ ഇടയിലെ ശുശ്രൂഷയും നടക്കുന്നു. സണ്ടേസ്കൂളിൽ പഠിക്കുന്ന കുട്ടികൾ വിദ്യാഭ്യാസമില്ലാത്ത അവരുടെ മാതാപിതാക്കളെ വീട്ടിൽ ചെന്ന് പഠിപ്പിക്കുന്നു. കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളിലൂടെ പലർ രക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ പട്ടണത്തിൽ നല്ല സ്കൂൾ ഇല്ലാത്തതിനാൽ ക്രിസ്തീയ മിഷനറി സ്കൂൾ ആരംഭിക്കുവാൻ നല്ല സാദ്ധ്യതയുണ്ട്. അടുത്ത സമയത്ത് മുമ്പോട്ടു വന്ന രണ്ടു കുടുംബങ്ങളിൽ ഒന്ന് അയൽക്കാരായതുകൊണ്ട് ഇപ്പോൾ താമസിക്കുന്ന വീട് ഒഴിയാൻ ഉടമസ്ഥൻ ആവശ്യപ്പെട്ടതിനാൽ പെട്ടെന്ന് വീട് മാറേണ്ടി വന്നു. സ്ഥിരായ ഒരു സ്ഥലം ഉണ്ടാകേണ്ടിയിരിക്കുന്നു. ഉന്നത ജാതിക്കാരായ രാജസ്ഥാനികളുടെ എതിർപ്പുകളുടെ മദ്ധ്യേ അനേകരെ നേടാൻ സഹോദരൻ ബാരിഷ് ഫ്രാൻസിസ്സിനും കുടുംബത്തിനുമായി നമുക്കു പ്രാർത്ഥിക്കാം. സഹോദരി ജോസഫൈന് ഈ ദിവസങ്ങളിൽ ശാരീരിക പ്രയാസങ്ങളുണ്ട്. 5 വയസ്സുള്ള പ്രിറ്റി മകളാണ്.


*ബാരിഷ് ഫ്രാൻസിസ്, ജോസഫൈൻ, പ്രിറ്റി (5)*


*- റിന്യൂവൽ*

Barish Francis, P.O. Box. No. 3,
Rai Singh Nagar, Sri Ganga
Nagar, Rajasthan 335051

## ചിൽഡ്രൻസ് ക്ലബ്



# മരുഭൂമിയിലെ കപ്പൽ



*നിങ്ങൾ ഒട്ടകത്തെ കണ്ടിട്ടുണ്ടോ? മരുഭൂമിയിൽ യാത്ര ചെയ്യാൻ നമ്മെ സഹായിക്കുന്ന ഒരു നല്ല മൃഗമാണ് ഒട്ടകം. അതുകൊണ്ട് അതിനെ 'മരുഭൂമിയിലെ കപ്പൽ' എന്നാണ് വിളിക്കുന്നത്.*

*നിങ്ങൾക്ക് വെള്ളം കുടിക്കാതെ എത്രദിവസം സുഖമായി ജീവിക്കാൻ കഴിയും.? ഒരു ദിവസം പോലും പറ്റില്ല അല്ലേ? എന്നാൽ ഒട്ടകത്തിന് വെള്ളം കുടിക്കാതെ ദിവസങ്ങളോളം യാതൊരു പ്രശ്നവുമില്ലാതെ ജീവിക്കാൻ കഴിയും. അതെങ്ങനെ സാധിക്കും എന്നാണ് നിങ്ങൾ ചിന്തിക്കുന്നത് അല്ലേ? അതിന്റെ രഹസ്യം അങ്കിൾ പറഞ്ഞു തരാം.*

*ഒട്ടകത്തിന്റെ രക്തത്തിലെ ചുവന്ന കോശങ്ങൾക്ക് വെള്ളം വലിച്ചെടുക്കാനുള്ള കഴിവുണ്ട്. വെള്ളം കിട്ടുമ്പോൾ ഒട്ടകം വയറു നിറച്ച് കുടിക്കും. അപ്പോൾ അതിന്റെ രക്തത്തിലെ ചുവന്ന കോശങ്ങൾ വെള്ളം വലിച്ചെടുത്ത് രണ്ടര ഇരട്ടി വലുപ്പത്തിൽ വീർക്കും. പിന്നീട് വെള്ളം കുടിക്കാത്ത സമയത്ത് രക്തത്തിലെ കോശങ്ങളിൽ നിന്ന് വെള്ളം ശരീരത്തിലേക്ക് വിട്ടുകൊടുക്കും. അങ്ങനെയാണ് ഒട്ടകത്തിന് മരുഭൂമിയിലെ വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ കൊടും ചൂടിൽ തളർന്നു പോകാതെ ജീവിക്കാൻ സാധിക്കുന്നത്.*

*ഒട്ടകത്തിൽ നിന്ന് എന്തുപാഠമാണ് നമുക്ക് പഠിക്കാൻ സാധിക്കുന്നത്? ദൈവത്തിന്റെ വചനം ശുദ്ധമായ വെള്ളം പോലെയാണ് നാം അത് ധാരാളം കുടിക്കണം. എന്നു വച്ചാൽ ബൈബിൾ ധാരാളം വായിക്കണം. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" (യോഹ. 7:37) എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത് വായിച്ചാൽ മാത്രം പോരാ, അത് ധ്യനിക്കുകയും വേണം.* **"യഹോവയുടെ ന്യായപ്രമാണം രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ - സങ്കീ. 1:2.** *ദൈവത്തിന്റെ വചനം ധ്യാനിക്കുമ്പോൾ അത് നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്നതുപോലെയാകും. ജീവിതത്തിൽ പ്രതികൂലങ്ങൾ വരുമ്പോൾ തളർന്നു പോകാതെയിരിക്കാൻ നമ്മുടെ ഉള്ളിലുള്ള ദൈവവചനം നമ്മെ സഹായിക്കും. അതുകൊണ്ട് ഒട്ടകം വെള്ളം കുടിക്കുന്നതു പോലെ നമുക്ക് ദൈവവചനം നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാം.*

*- എ.ആർ പീറ്റർ, പാലക്കാട്*

# വിവാഹം ദൈവഹിതത്തിൽ

മനുഷ്യജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ തീരുമാനമായ വിവാഹം വിശ്വാസികൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നുവോ എന്ന് തോന്നിപ്പോകുന്നു. ദൈവജനത്തിന്റെ മദ്ധ്യേയുള്ള വിവാഹ മോചനങ്ങളും ഔദ്യോഗികമായി അതു നടന്നില്ലെങ്കിലും 'അകന്നു' ജീവിക്കുന്ന സംഭവങ്ങളും കണക്കിലെടുക്കുമ്പോൾ മേൽപറഞ്ഞത് ശരിവെച്ചു പോകും. ഗൗരവമായ കുടുംബപ്രശ്നങ്ങൾ അവലോകനം ചെയ്യുമ്പോൾ അടിസ്ഥാന കാരണം വിവാഹ സമയത്തെ തെറ്റായ തീരുമാനമാണെന്ന് മനസ്സിലാകും.

ഭാര്യയുടെയും ഭർത്താവിന്റെയും പങ്ക് എന്താണെന്ന് വ്യക്തമായി മനസ്സിലാക്കിയതിനു ശേഷം വേണം വിവാഹബന്ധത്തിലേർപ്പെടാൻ. വിവാഹ കാര്യം വരുമ്പോൾ അതൊന്നും ചിന്തിക്കാതെ, ജോലി, സൗന്ദര്യം, സമ്പത്ത്, സ്ത്രീധനം ഇവക്കെല്ലാമാണ് പ്രാധാന്യം നൽകന്നത്. സ്ത്രീധനത്തിന്റെ കാര്യം പരസ്യമായി പറയുന്നില്ലെങ്കിലും ചില വിവാഹങ്ങളുടെയും ചിലതു നടക്കാത്തതിന്റെയും പിന്നിൽ അതുണ്ടെന്നത് വാസ്തവമാണ്. സ്ത്രീധന സമ്പ്രദായം വളരെയധികം കുറഞ്ഞു വരുന്നു എന്നത് നല്ലകാര്യം തന്നെ. പക്ഷേ പെണ്ണിനു നല്ല ജോലി വേണം എന്നത് പകരം വരുന്ന കാര്യമാണോ എന്നു ചിന്തിക്കണം. ഭർത്താവു 'ഹോം മാനേജരും' (പുലർത്തുകയും പരിപാലിക്കുകയും) ഭാര്യ ഹോം മേക്കറും (വീട്ടുകാര്യം നോക്കുക, ഭവനം ചമയ്ക്കുക) എന്ന ദൈവവചന സത്യം മാതാപിതാക്കൾ മറന്നുപോയാലും വിവാഹം കഴിക്കുന്ന മക്കൾ മറക്കരുത്. ഭർത്താവിനെയും കുഞ്ഞുങ്ങളെയും ശുശ്രൂഷിക്കാൻ സമയമില്ലാതെ ജോലി ചെയ്യണം എന്ന് സ്ത്രീകളെപ്പറ്റി ഉദ്ദേശിക്കുന്നില്ല. ജോലി ചെയ്യേണ്ട എന്നു നമുക്ക് പറയാൻ കഴിയില്ല. ദൈവം അവർക്കു കൊടുത്തിട്ടുള്ള കഴിവുകൾ ഉപയോഗിക്കാനും. മറ്റുള്ളവർക്ക് പ്രയോജനം ലഭിക്കാനും ദൈവനാമം മഹത്വപ്പെടാനും ഇടവരുന്നത് നല്ലതാണ്. പക്ഷേ ഓവർടൈം ചെയ്യേണ്ട എന്നും കുറെ പണം വേണ്ട എന്നു വയ്ക്കാനും സഹോദരിമാർ തയ്യാറാകുന്നില്ലെങ്കിൽ കുടുംബത്തിന്റെ കാര്യം എന്താകും. ഏതായാലും ജോലി കടുംബത്തെ വിട്ടു വേണ്ട. ഈ നാളുകളിൽ കുട്ടികളിൽ ഉണ്ടാകുന്ന കുറ്റവാസന, ലൈംഗിക അതിക്രമങ്ങൾ ഇവയുടെ മദ്ധ്യത്തിൽ മക്കളെ പ്രത്യേകിച്ചുബാലികബാലന്മാരെ അമ്മമാർ-അപ്പന്മാരും എത്രയോ ശ്രദ്ധിക്കുകയും കരുതുകയും ചെയ്യണമെന്ന് പറയേണ്ടതില്ലല്ലോ.

ദൈവഹിതപ്രകാരം വിവാഹം കഴിച്ചാലും രണ്ടു സാഹചര്യത്തിൽ നിന്നുള്ളവരായതുകൊണ്ട് 'അഡ്ജസ്റ്റ്മെന്റ്' പ്രശ്നങ്ങൾ ഉണ്ടാകും. അതു സ്വാഭാവികമാണ്. അതു പരിഹരിച്ചു മുമ്പോട്ടു പോകുമ്പോൾ കടുംബ ജീവിതം കൂടുതൽ സന്തോഷകരമാകും ദൈവഹിതത്തിലല്ലാതെ പുറമേയുള്ള കാര്യങ്ങൾ മാത്രം നോക്കി വിവാഹിതരായാൽ ചെറിയ അഡ്ജസ്റ്റ്മെന്റ് പ്രശ്നങ്ങളും സഹിക്കാൻ കഴിയാത്തവയായി തീരുന്നു. മാതാപിതാക്കളും കക്ഷി ചേരുന്നതോടെ പരിഹരിക്കാൻ വളരെ പ്രയാസമാകുന്നു.

ആത്മീകമല്ലാത്ത കൗൺസിലിംഗ്കാർക്ക് കുറെ പ്രയോജനമുണ്ടാകുന്നു എന്നു മാത്രം. എന്താണീ ദുസ്ഥിതിക്ക് പരിഹാരം?

1. വിവാഹ പ്രായമാകുമ്പോഴേക്കും വിവാഹ ജീവിതത്തെപ്പറ്റി ശരിയായ ധാരണ കിട്ടത്തക്കവിധം യുവതീ യുവാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ വചനാടിസ്ഥാനത്തിൽ നൽകുക. വിവാഹത്തിനു മുൻപ് പ്രീമാരൈറ്റൽ കൗൺസിലിംഗിൽ സംബന്ധിച്ചിരിക്കണം എന്ന കർശന വ്യവസ്ഥ ഉണ്ടാകണം. സഭകളിൽ ഇത്തരം ക്ലാസ്സുകൾ നടത്താൻ കഴിയില്ലെങ്കിൽ നമ്മുടെ മദ്ധ്യേ പ്രയോജനകരമായി ഇക്കാര്യം നിർവഹിക്കുമെന്ന് ഉറപ്പുള്ള ക്യാമ്പുകളിൽ വിടുകയോ പ്രത്യേകം പ്രോഗ്രാം സംഘടിപ്പിക്കുകയോ ചെയ്യുക.

2. വിവാഹം നടത്തുന്ന ശുശ്രൂഷകന്മാർ, സഭകളിലെ മൂപ്പന്മാർ, സുവിശേഷകന്മാർ ഇവർ വിവാഹത്തിനു മുൻപ് അവരുടെ ഭാര്യമാരൊടൊപ്പം വിവാഹിതരാകുന്നവരെ കണ്ട് സമയമെടുത്ത് സംസാരിക്കണം.

3. ആത്മീക കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന വിവാഹങ്ങളേ പ്രോത്സാഹിപ്പിക്കുവാൻ പാടുള്ളു.

4. ധൃതിപിടിച്ചുള്ള വിവാഹങ്ങൾ ഒഴിവാക്കുക. കുറെ സമയം വേണമെന്നു പറയുക. ശരിയായി അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാതെ ഒരു തീരുമാനവും എടുക്കരുത്. സഭയിലും പ്രാർത്ഥിക്കാൻ പറഞ്ഞ് എല്ലാവരും അറിഞ്ഞു മതി വിവാഹം. ദൈവഹിതമല്ലെങ്കിൽ മാറിപ്പോകട്ടെ.

എന്തായാലും നമ്മുടെ അടുത്ത തലമുറയെ രക്ഷിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ വേണ്ടതു ചെയ്യാൻ നമുക്കിടയാകട്ടെ.

*— എഡിറ്റർ ഇൻ ചാർജ്*

# പ്രീ-ടീൻസ്, ടീൻസ് ക്യാമ്പുകൾ

കർത്താവനുവദിച്ചാൽ ഓണാവധിക്ക് സെപ്റ്റംബർ 8 രാവിലെ മുതൽ 10 ഉച്ചവരെയും ഒക്ടോബർ 4 വൈകിട്ട് മുതൽ 6 വൈകിട്ടു വരെയും പ്രത്യേക പ്രോഗ്രാം നടത്തുവാനാഗ്രഹിക്കുന്നു. താൽപര്യമുള്ള മാതാപിതാക്കൾ ബന്ധപ്പെടുക. 9447360417, 9745017815, 9496264838. പഠനത്തിന് പ്രയാസമുള്ളവർക്ക് പ്രത്യേക കൗൺസിലിംഗ് സെഷനുകൾ. ഈ കാലഘട്ടത്തിലെ ഏറ്റവും സങ്കീർണ പ്രായമായ മുകളിൽ പറഞ്ഞ പ്രായത്തിലുള്ളവർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാൻ തയ്യാറാണ്. മാതാപിതാക്കൾക്കും കുട്ടികൾക്കും ബന്ധപ്പെടാനുള്ള ഫോൺ നമ്പർ 0469 - 2700024 അല്ലെങ്കിൽ മുകളിൽ കൊടുത്തിട്ടുള്ളവ.

വാർത്തകളും അറിയിപ്പുകളും എഡിറ്ററുടെ പേരിൽ അയച്ചു തരിക.
Editor, Renewal P.O. Box 4, Kuttapuzha, Tiruvalla 689103 , E mail, renewalvarthakal @ gmail.com.

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും–Renewal, P.B.No. 2665, Shanmugham Road PO, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ–Shombay Poothuran, Renewal, Broadway, Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**കൺസൽട്ടന്റ് എഡിറ്റേഴ്സ് - വർഗ്ഗീസ് ചാക്കോ, ബാബു ജോൺ**
**എഡിറ്റർ ഇൻ-ചാർജ്ജ് - കെ. തോമസ് മാത്യു**
**ന്യൂസ് എഡിറ്റർ - ടെൻസൻ ജോസഫ്**
**ഫിനാൻസ് എക്സിക്യൂട്ടീവ് - ഷോംബെ പുത്തൂരാൻ**
**പ്രൊമോഷണൽ കോ-ഒർഡിനേറ്റർ - റെജി മാത്യു**
**സർക്കുലേഷൻ കോ-ഒർഡിനേറ്റർ - ജെൽസൺ പി.ജെ.**
**പ്രിന്റർ, പബ്ലിഷർ - ഷോംബെ പുത്തൂരാൻ**

കുടുംബ വേദി



# സ്ത്രീയുടെ വ്യത്യസ്ത റോളുകൾ

മകൾ, സഹോദരി, ഭാര്യ, മരുമകൾ, അമ്മ, സഭാംഗം, അയൽപക്കക്കാരി, ഉദ്യോഗസ്ഥ, വീട്ടുകാരി, അമ്മായമ്മ, പിന്നീട് വല്യമ്മ. ഈ നിലയിലെല്ലാം ഒരു സ്ത്രീ തന്നെ പല പങ്കു (റോൾ) നിർവ്വഹിക്കണം. ഇതിലെല്ലാം വിജയിക്കണമെങ്കിൽ ധാരാളം ദൈവകൃപ ആവശ്യമാണ്. ഏറ്റവും പ്രധാനപ്പെട്ട റോൾ ഒരു ഭാര്യ എന്നതാണ്. വിവാഹിതയായ ഒരു സ്ത്രീക്ക് ദൈവവുമായുള്ള ബന്ധം കഴിഞ്ഞാൽ അടുത്ത പ്രധാന ബന്ധം അവളുടെ പങ്കാളിയുമായിട്ടാണ്. അവളുടെ ഒന്നാമത്തെ വിളി ഭാര്യ എന്നതാണ്. ദൈവം ആദ്യത്തെ സ്ത്രീയെ സൃഷ്ടിച്ചത് ഒരു ഭാര്യയായിട്ടാണ്. അതിനാൽ ഭാര്യ എന്നതാണ് അവളുടെ ആദ്യത്തെ ജോലി 1 കൊരിന്ത്യർ 7:34ൽ പറയുന്നു വിവാഹിത ആയവൾ ഭർത്താവിനെ പ്രസാദിപ്പിക്കുവാൻ വേണ്ടിയത് ചിന്തിക്കണം എന്ന്. വിവാഹജീവിതം എന്നത് വലിയ ഉത്തരവാദിത്വമാണ്. മാത്രമല്ല ജീവിതാവസാനം വരെയുള്ള ഒരു സമർപ്പണവുമാണ്. അതിന് ഭാര്യയുടെ സമയം, ഉത്സാഹം, പ്രാർത്ഥന, ദൈവഭക്തി മുതലായവ ആവശ്യമാണ്. സദൃശ്യവാക്യങ്ങൾ 31ൽ ഒരു ഭാര്യയുടെ പങ്ക് എന്ത് എന്ന് വ്യക്തമായി കാണാം.

ഒരു ഭാര്യ എന്ന നിലയിൽ അവൾക്ക് വേണ്ട പ്രധാന ഗുണം തക്ക തുണ എന്നതാണ്. (Help meet) ഉല്പത്തി 2:18ൽ അതു നാം കാണുന്നു. എന്തിനായിട്ടാണോ ദൈവം പുരുഷനെ സൃഷ്ടിച്ചത് അതിന് പുരുഷനെ സഹായിക്കാൻ തക്ക സഹായിയായി എപ്പോഴും കൂടെ ഉണ്ടായിരിക്കുക. ഉല്പത്തി-2:15ൽ പറഞ്ഞിട്ടുണ്ട് എന്തിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന്. ദൈവത്തിന്റെ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവനുമായുള്ള കുട്ടായ്മക്കും (യെശയ്യാവ് 43:21) അതിനാൽ കർത്താവിന്റെ വയലിൽ വേല ചെയ്യുന്ന ഒരു വ്യക്തിക്കാണ് ഒരു തക്കതുണയുടെ ഏറ്റവും വലിയ ആവശ്യം. എന്നാൽ ഭർത്താവ് മറ്റു ജോലികൾ ചെയ്യുന്നു എങ്കിൽ അവിടെ താൻ കർത്താവിന്റെ പ്രതിനിധിയായി ആ ജോലി സ്ഥലത്ത് വേല ചെയ്യുകയാണ്. അതും കർത്താവിന്റെ വേല തന്നെ.

ഈ വേലസ്ഥലത്തെല്ലാം ഭർത്താവിന് പല പ്രശ്നങ്ങളെ നേരിടേണ്ടി വരും. അത് പങ്കിടാൻ ഒരു തുണ ആവശ്യമാണ്. അദ്ദേഹത്തെ ആശ്വസിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ഒരുമിച്ച് പ്രാർത്ഥിക്കുക, ഇതിന് ഭാര്യ ഒരു തക്കതുണയായി ഇരിക്കേണ്ട ആവശ്യമുണ്ട്. മത്തായി. 18:19ലെ രണ്ടുപേർ ഭാര്യയും ഭർത്താവുമാണ് എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. കാരണം ഈ ലോകത്തിൽ ഐക്യതയോടെ ആയിരിക്കാൻ പറ്റിയത് കുറച്ചു പേർ തമ്മിലാണ്. അതിന് ഏറ്റവും നല്ലത് രണ്ടു പേരാണ് (നല്ല സംഖ്യ) യോജിക്കാൻ കൂടുതൽ സാദ്ധ്യത ഭാര്യയും, ഭർത്താവും തമ്മിലാണ്. ഐക്യത എന്നതിന്റെ മൂല പദത്തിൽ നിന്നുമാണ് 'സിംഫെണി' (സ്വരലയം) എന്ന വാക്ക് വന്നത്. രണ്ടുപേരുടെ ഒറ്റ സ്വരത്തോടെയുള്ള പ്രാർത്ഥന സ്വർഗ്ഗത്തിലേക്ക് ഉയരുമ്പോൾ ആ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാതിരിക്കില്ല. പ്രശ്നങ്ങൾ വരുമ്പോൾ ഇയ്യോബിന്റെ ഭാര്യയെപ്പോലെയാകാതെ (ഇയ്യോബ് 2:9) മാർട്ടിൻ ലൂഥറിന്റെ ഭാര്യയെപ്പോലെയാകുക. ഒരിക്കൽ മാർട്ടിൻ ലൂഥറിന് തന്റെ വേലയിൽ വലിയ നിരാശ അനുഭവപ്പെട്ടു. അപ്പോൾ താൻ ഒരു കസേരയിൽ നിരാശനായി ഇരിക്കുമ്പോൾ തന്റെ ഭാര്യ ഒരു കറുത്ത വസ്ത്രം ധരിച്ച് തന്റെ മുമ്പിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ലൂഥർ ചോദിച്ചു എന്താ നീ മരണത്തിന് ഇടുന്ന വസ്ത്രം ഇട്ടുകൊണ്ട് നടക്കുന്നത്. അപ്പോൾ അവൾ പറഞ്ഞു. ലൂഥറിന്റെ ദൈവം മരിച്ചു പോയതിന്റെ ദുഃഖം കൊണ്ടാണ് എന്ന്. അപ്പോൾ ലൂഥർ പറഞ്ഞു. 'എന്റെ ദൈവം മരിച്ചിട്ടില്ല.' പിന്നെ താങ്കൾ ഇരിക്കുന്നതുകണ്ടിട്ട് അതുപോലെയാണല്ലോ എന്ന് അവൾ പറഞ്ഞു. അപ്പോൾ ലൂഥറിന് കാര്യം മനസ്സിലായി. താൻ അവിടെ നിന്നും ചാടി എഴുന്നേറ്റ് വേലയിൽ ഉൽസുകനായി. ഇത് ഭാര്യമാർക്ക് നല്ല ഒരു മാതൃകയാണ്.

സ്ത്രീയെ സൃഷ്ടിച്ചത് ദൈവവുമായുള്ള ബന്ധത്തിൽ പറയുമ്പോൾ 'സൃഷ്ടിച്ചു' എന്നാണ് നാം കാണുന്നത്. ഉല്പ 1:27. എന്നാൽ മനുഷ്യനുമായുള്ള ബന്ധത്തിൽ പറയുമ്പോൾ 'ഉണ്ടാക്കി' എന്നാണ്. ഉല്പ. 2:18,22. പുരുഷന്റെ ഒരു വാരിയെല്ല് എടുത്തു മാംസം പിടിപ്പിച്ച് സ്ത്രീയെ ഉണ്ടാക്കി. കാലിലെ എല്ലുകൊണ്ടല്ല ചവുട്ടിതാഴ്ത്താൻ, തലയിലെഎല്ലുകൊണ്ടുമല്ല തലേൽ വെക്കാൻ, എന്നാൽ കൈയുടെ താഴെ ഹൃദയത്തിനടുത്ത എല്ല് അതായത് ഭർത്താവിന്റെ ഹൃദയസ്പന്ദനം പോലും അറിഞ്ഞ് സഹായിക്കാൻ വേണ്ടി ഉണ്ടാക്കിയതാണ്. സ്ത്രീയെ ഉണ്ടാക്കി എന്നതിന്റെ മൂലപദം 'പ്ലാസോ' എന്നാണ് അതിൽ നിന്നുമാണ് 'പ്ലാസ്റ്റിക്' എന്ന വാക്ക് ഉണ്ടായത്. അതായത് ഒരു പ്ലാസ്റ്റിക്കിനെ എങ്ങനെ ഒക്കെ വളച്ച് ആകൃതിവരുത്താമോ, അതുപോലെ ഭർത്താവിന് പറ്റിയ രീതിയിലാണ് ഒരു ഭാര്യയെ ഉണ്ടാക്കിയിരിക്കുന്നത്. അതിനാൽ ഇത് മനസ്സിലാക്കി നമ്മുടെ ഭർത്താവിന് തക്കതുണയായിരിക്കാൻ നമ്മെ തന്നെ സമർപ്പിച്ച് ജീവിക്കാം.

— *ഗ്രേയ്സ്*

# ദൈവിക വാഗ്ദത്തങ്ങളും...

*1-ാം പേജിൽ നിന്ന് തുടർച്ച*

ത്തിലെ അത്ഭുതകരമായ വാഗ്ദത്തങ്ങൾ നിറവേറ്റുവാൻ ദൈവം എന്തുകൊണ്ട് താമസിക്കുന്നു എന്നത് പലപ്പോഴും നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. ഈ സത്യത്തെ നാം മുറുകെ പിടിച്ചാൽ ആ പ്രത്യേക സാഹചര്യത്തിന്റെ കാരണം നമുക്കറിയാൻ കഴിയും. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറ്റാത്തതിന്റെ ഉത്തരവാദിത്വം ദൈവത്തിനല്ല വാസ്തവത്തിൽ നമുക്കാണ്.

ഇതിന്റെ അർത്ഥം ദൈവത്തിന്റെ വാഗദത്തങ്ങൾ നിശ്ചയിക്കപ്പെട്ട സമയത്ത് നടക്കയില്ലെന്നാണോ? ദൈവം തന്റെ വാഗ്ദത്തങ്ങളെപ്പറ്റി പറയുന്നത് വായിക്കുക ഹബക്കൂക്ക് 2:2,3 ദർശനത്തിനു ഒരു അവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല... അതു വരും നിശ്ചയം... യിരെമ്യാവിനോട് കർത്താവു പറഞ്ഞു...'' ശരി തന്നെ; എന്റെ വചനം നിവർത്തിക്കേണ്ടതിന് ഞാൻ ജാഗരിച്ചുകൊള്ളും... യിരെ 1:12.

നിശ്ചയമായും ദൈവം തന്റെ വാഗ്ദത്തങ്ങൾ തക്ക സമയത്ത് കൃത്യമായി നിവർത്തിക്കും. തന്റെ ജനത്തിന്റെ പ്രാർത്ഥനയാൽ മാത്രമേ ദൈവം അത് ചെയ്യുകയുള്ളു എന്നതുകൊണ്ട് നാം പ്രാർത്ഥിച്ചില്ലെങ്കിൽ പ്രാർത്ഥിക്കുന്നവരെ ദൈവം എഴുന്നേൽപ്പിക്കയും അവരുടെ പ്രാർത്ഥനയ്ക്കു മറുപടിയായി തക്ക സമയത്ത് അവൻ വാഗ്ദത്തം നിവർത്തിക്കുയും ചെയ്യും. സഭാ ചരിത്രത്തിൽ ഈ സത്യം വീണ്ടും വീണ്ടും ദൃഷ്ടാന്തമായി നമുക്കു കാണാം. പ്രാർത്ഥിക്കുന്ന ഒരു സഭയുള്ളിടത്തെല്ലാം ദൈവാത്മാവിന്റെ വലിയ ചലനങ്ങൾ ഉണ്ടായിട്ടുണ്ട്. ദൈവിക പ്രവർത്തനത്തിന് മാന്ദ്യം ഉണ്ടായിട്ടുണ്ടെങ്കിൽ നിരന്തരമായ പ്രാർത്ഥനയിൽ ദൈവജനം പരാജയപ്പെട്ടതുകൊണ്ടാണ്. കൂടാതെ **അതിമഹത്തായ ഒരു കാര്യം ചെയ്യുന്നതിന് മുൻപ് തന്റെ ജനത്തെ പ്രാർത്ഥനയ്ക്കായി അവൻ ഉണർത്തുന്നു.** ഭാവിയിൽ യിസ്രായേൽ ജനം ദൈവത്തിങ്കലേക്ക് തിരിയും എന്ന കാര്യം സെഖര്യാവ് ദർശിച്ചു. അതു സംഭവിക്കുന്നതിന് മുൻപ് പ്രവാചകൻ പറയുന്നു, കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും (സെഖ. 12:10)

അതുകൊണ്ട് നമ്മുടെ ഉള്ളിൽ പ്രാർത്ഥിക്കാനുള്ള വ്യഗ്രത അനുഭവപ്പെടുന്നെങ്കിൽ ദൈവത്തിന്റെ കൃപ നമ്മിൽ പ്രവർത്തന നിരതമാകുന്നു എന്നതിന്റെ സൂചനയാണ്. പ്രാർത്ഥിക്കാനുള്ള ഒരു പ്രത്യേക ഭാരം നമുക്ക് അനുഭവപ്പെടുമ്പോൾ മറ്റെല്ലാം മാറ്റിവെച്ച് ദൈവത്തിന്റെ ഹിതം വിവേചിക്കാനും തന്റെ മഹത്വത്തിനായി തന്റെ ഹിതം നിവർത്തിക്കാനുമായി അവന്റെ പാദപീഠത്തിൽ ഇരിക്കാം. അതിൽ നാം പരാജയപ്പെട്ടാൽ പ്രാർത്ഥിക്കുന്ന മറ്റു ചിലരെ ദൈവം എഴുന്നേൽപ്പിക്കയും അവരുടെ പ്രാർത്ഥനയ്ക്കു മറുപടിയായി തന്റെ വാഗ്ദാനം അവൻ നിവർത്തിക്കയും ചെയ്യും. നഷ്ടം പറ്റിയവർ നാമായിരിക്കും... തന്റെ ഹിതം ഭൂമിയിൽ നിവർത്തിക്കാൻ സർവ്വശക്തനോടൊപ്പം സഹകാരികളായിരിക്കാനുള്ള പദവി നമുക്കു നഷ്ടപ്പെട്ടേക്കാം. ദൈവാത്മാവിന്റെ വിളിക്ക് ബോധ്യമുള്ളവരായി തന്റെ പരിശുദ്ധ നാമത്തിന് മഹത്വം കരേറ്റി അവന്റെ ഹിതമെല്ലാം നിവർത്തിക്കുന്നതു കാണുവാൻ നമുക്കിടവരട്ടെ.

ബൈബിൾ അവസാനിക്കുന്നത് നമ്മുടെ കർത്താവിന്റെ ഒടുവിലത്തെ വാഗ്ദാനത്തോടും അതിന് യോഹന്നാന്റെ പ്രതികരണത്തോടുമാണ്. (വെളി. 22:20) കൃപായുഗത്തിന്റെ അവസാന നാളുകളായ ഈ ദിവസങ്ങളിൽ അവന്റെ വരവിനായി കാത്തിരിക്കുമ്പോൾ നമ്മുടെയും പ്രാർത്ഥന അതായിരിക്കട്ടെ.

നമ്മുടെ പ്രാർത്ഥനയ്ക്കു അനുകൂലമായ മറുപടി ലഭിക്കുന്നതിന്റെ രഹസ്യം ദൈവവാഗ്ദാനങ്ങൾ മുറുകെ പിടിച്ച് അതു നമ്മുടെ പ്രാർത്ഥനയാക്കുന്നതാണ് എന്നത് എപ്പോഴും ഓർക്കുക. ഏതെങ്കിലും കാര്യം ദൈവത്തിന്റെ ഹിതമാണെന്ന് നമുക്കറിയാമെങ്കിൽ മറുപടി ലഭിക്കുന്നതുവരെ പ്രാർത്ഥനയിൽ നമുക്ക് സ്ഥിരോൽസാഹികളായിരിക്കാം. അതിന് ദൈവം കൃപ നൽകുകയും ദൈവനാമം മഹത്വപ്പെടുകയും ചെയ്യുമാറാകട്ടെ.

# വിജയവാഡ ജെറുസലേം സഭ

അനേക ദൈവമക്കളുടെ പ്രാർത്ഥയുടെയും സഹകരണത്തിന്റെയും ഫലമായി ജറുസലേം പ്രയർ ഹാളിന്റെ താഴത്തെ നില പൂർത്തിയായി. പാർക്കിംഗിനും കൺവൻഷൻ നടത്തുന്നതിനുമായിട്ടാണ് ഗ്രൗണ്ട് ഫ്ളോർ ഉപയോഗിക്കുക ഇപ്പോൾ സഭായോഗം ഇവിടെയാണ് നടക്കുന്നത്. മുകളിലേക്കുള്ള പണിയും എത്രയും വേഗം പൂർത്തീകരിക്കണം



സുവി. എസ്. ജോസഫ്,
ജറുസലേം ക്രിസ്ത്യൻ അസംബ്ലി. (A/c No. 31663158554 SBI Sreenagar Branch, Vijayawada, IFSC SBIN 0011097)

# കർണ്ണാടക - റായ്ച്ചൂർ

റായ്ച്ചൂർ ജില്ലയിൽ ഇപ്പോൾ 10 സ്ഥലങ്ങളിൽ കൂടിവരവുകൾ നടക്കുന്നു. അടുത്ത ജില്ലയായ യാദ്ഗിരിയിലും കഴിഞ്ഞ 6 മാസമായി പ്രവർത്തിച്ചതിനാൽ 3 പുതിയ കൂടിവരവുകൾ ആരംഭിച്ചു. കാടിമിക്കരെ ഗ്രാമത്തിൽ മെയ് മാസത്തിൽ 9 പേരുടെ സ്നാനത്തോടെ ഒരു പുതിയ സ്ഥലം സഭ ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. ചെറിയ തോതിലെങ്കിലും സഭാ ഹോളുകൾ ഈ സ്ഥലങ്ങളിൽ അത്യാവശ്യമാണ്. തൃശൂർ ഗോസ്പൽ ടീമിലെ സഹോദരന്മാർ 54 ഗ്രാമങ്ങളിൽ ഒരാഴ്ചത്തെ പ്രവർത്തനം നടത്തി. കർണ്ണാടക, ആന്ധ്രാ, മഹാരാഷ്ട്ര അതിർത്തികളായ ബെൽഗാം, ബീദർ, യാദ്ഗിരി, ഗുൽബർഗ്ഗ, റായ്ച്ചൂർ ജില്ലകളിൽ സുവിശേഷ പ്രവർത്തനത്തിന് വളരെ സാദ്ധ്യതകൾ ഉണ്ട്. ഉത്സാഹത്തോടെ പ്രവർത്തിക്കാൻ സമർപ്പണമുള്ള സുവിശേഷകൻമാർക്ക് നല്ല അവസരമാണ്. സഹോദരൻ വി.എസ്. സ്റ്റാനി ഒപ്പം പ്രവർത്തിക്കുന്നു. പ്രവർത്തനങ്ങൾക്കായി ദൈവമക്കളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്:

ടി.ജെ മാത്യു, Post Box 6,
H.No. 7-6-84, 53/A Vasavi Nagar,
Raichur - 584103, Karnataka.
Tel. 09901232435

വിവാഹവേദി

## പ്രത്യേക ശ്രദ്ധയ്ക്ക്

വിവാഹം ദൈവഹിതപ്രകാരം നടക്കണം. ഭൗതിക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. ബ്രദ്റൻ സഭാംഗങ്ങളെ ഉദ്ദേശിച്ചാണ് പ്രധാനമായും ഈ പംക്തി ആരംഭിച്ചത്. അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ ഈ ശുശ്രൂഷ മുഖാന്തരമായിട്ടുണ്ട്.

റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് എഡിറ്ററുമായി ബന്ധപ്പെടക.

വളരെയധികം പേർ അന്വേഷകരായി വരുന്നതുകൊണ്ട് അടുത്ത ലക്കം മുതൽ പരസ്യത്തോടൊപ്പം അവരവരുടെ ഫോൺ നമ്പർ കൂടെ നൽകുന്നതും അന്വേഷകർക്ക് നേരിട്ട് ബന്ധപ്പെടാവുന്നതുമാണ് പകൽ 9 മുതൽ 6 വരെ മാത്രമേ ഫോണിൽ വിളിക്കാവൂ. ഇ. മെയിലും നൽകാവുന്നതാണ്.

അവരവരുടെ ഫോൺ നമ്പർ പരസ്യത്തോടൊപ്പം നൽകാതെ ഇപ്പോൾ ചെയ്തുവരുന്നതുപോലെ റിന്യുവൽ ആ ചുമതല നിർവഹിക്കണമെങ്കിൽ ഓരോ പരസ്യത്തിനും 300 രൂപ മണി ഓർഡർ എറണാകുളം വിലാസത്തിൽ അയക്കണം (രണ്ടാം പേജ് കാണുക)

പരസ്യങ്ങൾ നൽകുന്നവർ പേരും വിലാസവും സ്ഥലം സഭയും റിന്യുവൽ റാപ്പറിലെ നമ്പരോ വരിസംഖ്യ അടച്ചതിന്റെ രസീത് നമ്പറോ ഏതെങ്കിലും ഒന്നും കാണിച്ച് എഡിറ്റർ, റിന്യൂവൽ, പി. ബി. 4, കുറ്റപ്പുഴ, തിരുവല്ല - 680103 എന്ന വിലാസത്തിൽ അയക്കണം. മാന്യ വരിക്കാർ സഹകരിക്കുമല്ലോ.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

## WANTED BRIDE GROOM

**RM No : 1101 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 151 cm. B.Sc (MLT) കർണ്ണാടകയിൽ ജോലി

**RM No : 1102 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 152 cm ന്യൂസിലൻഡിൽ ജോലി.

**RM No : 1103 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവതി 20 വയസ്സ് 5'3" ഉയരം. S.S.L.C

**RM No : 1104 -** രക്ഷിക്കപ്പെട്ട സ്നാനപ്പെട്ട ബ്രദ്റൻ യുവതി 19 വയസ്സ് 5'4" 9th std.

**RM No : 1105 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് M.B.A

## WANTED BRIDE

**RM No : 1106 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'10" B.Sc വടക്കേ ഇൻഡ്യയിൽ മെഡിക്കൽ കമ്പനിയിൽ ജോലി.

**RM No : 1107 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 159 cm. B.A. ഹാർഡ് വെയർ കമ്പ്യൂട്ടർ മെക്കാനിക്ക്

**RM No : 1108 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'4" ദുബായിൽ ജോലി.

**RM No : 1109 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'5" കുവൈറ്റിൽ ജോലി

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ (ഞായർ ഒഴികെ) 9447360417, 8547017024, 0469 2700024 എന്ന നമ്പറിൽ ബന്ധപ്പെടുക.

### 109–ാമത് ബ്രദ്റൺ ജനറൽ കൺവൻഷൻ, കുമ്പനാട്

25.12.2011 ഞായർ മുതൽ 01.01.2012 ഞായർ വരെ നോയൽ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന് സമീപം. പ്രസംഗകർ എം. എം. സഖറിയ, ഡോ. ഒ.എം. സാമുവേൽ, ജോസ് മാത്യു, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗ്ഗീസ് കുര്യൻ, ജോൺ പി. തോമസ്, സാമുവേൽ ബി. തോമസ്, റ്റി.ജി. ബെന്നി. – പി. ഇ. സാം കുട്ടി (കൺവീനർ)

### മംഗലത്തുകോണം സഭ

ആറ്റിങ്ങൽ താലൂക്കിൽ വാമനപുരം എന്ന സ്ഥലത്ത് ഒരു കൂടിവരവ് ഉണ്ടാകുന്നതിനായി സഭയായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അക്രൈസ്തവർ മാത്രമുള്ള ഈ പ്രദേശത്ത് സഹോ. ഒ. ജോർജ്ജ്കുട്ടി കുടുംബമായി പ്രവർത്തിക്കുന്നു. ഭവന സന്ദർശനം കൂടാതെ വാടകയ്ക്ക് എടുത്ത ഭവനത്തിൽ എല്ലാ ഞായറാഴ്ചയും 3 മണിക്ക് സുവിശേഷ യോഗവും നടത്തുന്നു. മുൻപ് നാഗാലാൻഡിൽ ഒ. ജോർജ്ജുകുട്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ദിമാപ്പൂരിൽ മംഗലത്തുകോണം സഭയിൽ നിന്നുള്ള എസ്. രതീഷ് പ്രവർത്തിക്കുന്നു. ഒ. ജോർജ്ജ് കുട്ടി (Bethel house, Kottachalkuzhi P.O., Trivandrum 695509)

### ഭിവാനി – ഹരിയാന

താമസിക്കുന്ന വീട് ഒഴിഞ്ഞു കൊടുക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. സ്വന്തമായി ആരാധനയ്ക്കും താമസത്തിനും ഒരു സ്ഥലം ആവശ്യമാണ്. ഇവിടെ നിന്നും 60 കി. മീ. അകലെ ബാഹൽ എന്ന സ്ഥലത്തും 167 കി.മീ. മാറി ചാംഗ് എന്ന സ്ഥലത്തും പുതുതായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ദൈവമക്കളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. — കെ.കെ. തങ്കച്ചൻ P.B. No. 13, Bhiwani P.O., Haryana - 127021 Tel: 01664 - 251229.

### ലംതപൂട്ട് – ഒറീസ്സ (ഒഡിഷ)

300 ഓളം ഗ്രാമങ്ങളിൽ ഒരു പ്രാവശ്യം കൂടി സുവിശേഷം അറിയിച്ചു. പലർ രക്ഷിക്കപ്പെട്ടു. ഗ്രാമ സുവിശേഷ പ്രവർത്തനത്തിലൂടെ മുമ്പോട്ടു വന്ന യുവാക്കൾക്കായി ബൈബിൾ ട്രെയിനിംഗ് നടക്കുന്നു. ഓർഫനേജിലെ 10 കുട്ടികളും ക്ഷേമമായിരിക്കുന്നു. വിവിധ സ്ഥലങ്ങളിൽ വി. ബി. എസ്സും ചിൽഡ്രൻസ്സ് ക്യാമ്പും നടന്നു. തുടർന്നും പ്രാർത്ഥിക്കുക.
കെ.സി. തോമസ്, Bethel, College Road, Lamtaput, Odisha 764081

### തൃശൂർ ജില്ലയിൽ പുതിയ കൂടിവരവ്

എലിഞ്ഞിപ്ര:- നമ്മുടേതായ പ്രവർത്തനങ്ങൾ കാര്യമായി നടന്നിട്ടില്ലാത്തതും സഭകൾ ഇല്ലാത്തതുമായ ചാലക്കുടിയുടെ കിഴക്കൻ പ്രദേശമായ എലിഞ്ഞിപ്രയിൽ ഒരു വർഷത്തിലധികമായി സുവിശേഷകൻ എം.എൻ. ശശി (കൊടകരി) കൂട്ടുസഹോദരന്മാരായ എം. ആർ. ഷൈജു എം.യു. ജോൺ എന്നിവരുമായി ചേർന്ന് സുവിശേഷ പ്രവർത്തനം ആരംഭിച്ചു. ദൈവകൃപയാൽ ഒരു സഹോദരന്റെ ഭവനത്തിൽ ഒരു ബൈബിൾ ക്ലാസ്സും തുടങ്ങി. വിവിധ സമുദായങ്ങളിൽ നിന്നുമായി 35 ഓളം പേർ ഈ ക്ലാസ്സിൽ സംബന്ധിക്കുന്നുണ്ടായിരുന്നു. ചിലർ രക്ഷിക്കപ്പെടുവാൻ ഈ വേല മുഖാന്തിരമായി തീർന്നു. ദൈവാത്മാവിന്റെ പ്രേരണയാൽ 2011 മെയ് 8–ാം തീയതി എലിഞ്ഞിപ്രയിൽ ഒരു സഭാ കൂടിവരവ് ആരംഭിപ്പാൻ കർത്താവു കൃപ നൽകി. കർത്തൃമേശയിൽ സംബന്ധിക്കുന്ന 13 പേരടക്കം 20 ഓളം പേർ കൂടിവരുന്നു. ദൈവമക്കളുടെ പ്രാർത്ഥനയിൽ ഈ സഭയെ

## നമുക്കു ചുറ്റും

ഓർക്കണമെ. സഭയ്ക്കുള്ള കത്തിടപാടുകൾ താഴെ കാണുന്ന വിലാസത്തിൽ അയക്കുക.
സഭയ്ക്കു വേണ്ടി – എം. യു. ജോൺ, എം. ആർ. ഷൈജു. വിലാസം Christian Brethren Church, C/o M.V. John, Mangalam Kunnel House, Elinjipra P.O., Thrissur - 680721

### റായ്ഗഡ് സഭ (ചത്തിസ്ഗഡ്)

1998 ൽ റോബിൻസൻ റോത്തും കുടുംബവും പ്രവർത്തനം ആരംഭിച്ചു. 2000 ൽ ആദ്യ സഭാ കൂടിവരവ് ആരംഭിച്ചു. ഗോത്ര വർഗ്ഗ മേഖലയായ റായ്ഗഡിൽ 40 ലധികം ഉരുക്ക്, സ്റ്റീൽ നിർമ്മാണ ഫാക്ടറികളും വൈദ്യുത ഉദ്പാദന കേന്ദ്രങ്ങളും ഉണ്ട്. സഭാഹോളിനുവേണ്ടി 10 സെന്റ് സ്ഥലം വാങ്ങുവാൻ കർത്താവ് ഇടയാക്കി. 15 ലക്ഷത്തോളം രൂപാ സഭാഹോളിനും സുവിശേഷകന് താമസിക്കാനുമായി കെട്ടിടം പണിയുന്നതിന് ചെലവു വരും. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ 5 സഭകൾ വേറെയും ആരംഭിച്ചിട്ടുണ്ട്. Believers Brethren Assembly Raigarh എന്ന പേരിൽ Central Bank of India യിൽ 3024304852 നമ്പരായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. റോബിൻ സൺ റോത്ത്, ഷാലു റ്റി. നൈനാൻ, Robinson Roat P.O. Box 28, Kauhakunda, Near Pahar Mandir, Raigarh 496001, Chhattisgarh

### വിലാസമാറ്റം

Simon V.K. (Evg.), Gadhuli Bazar, Azara P.O., Near Police Station, Guwahati - 781017, Assam

A.S. Babukutty (Evg.), B-7/202, Sukur Residency, Kasar Vadavali P.O., Thane (W) Maharashtra 400601

## നിത്യതയിൽ

### ഡി. ജോൺ



ആന്ധ്ര പ്രദേശിലെ മുന്നണി സുവിശേഷ പ്രവർത്തകനായിരുന്ന ഡി. ജോൺ (79) കർണൂൽ ജില്ലയിൽ നന്ദികോട്കൂർ ഗ്രാമത്തിൽ വച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കർണൂൽ, മെഹബൂബ്നഗർ, അനന്തപൂർ, പ്രകാശം ജില്ലകളിൽ അനവധി സഭകൾ രൂപം കൊള്ളുവാൻ ദൈവം തന്നെ ഉപയോഗിച്ചു. നല്ലൊരു പ്രഭാഷകനായിരുന്ന ജോൺ 43 വർഷങ്ങളായി കർത്തൃവേലയിലായിരുന്നു. 5 മക്കളിൽ ഡി. ജോൺ മോസസ്, ഡി. ജോൺ ജോഷ്വാ, എന്നിവരും അന്നമ്മ ജോഗി മോസസും സുവിശേഷ വേലയിലാണ്.

### റേച്ചൽ ജോൺ



തൃശൂർ ചിറമേൽ പരേതനായ സി.പി. ജോണിന്റെ ഭാര്യ റേച്ചൽ (90) നിത്യതയിലേക്ക് ചേർക്കപ്പെട്ടു. ഇരിഞ്ഞാലക്കുട ബോയ്സ് ഹോം, തൃശൂർ രഹബോത്ത് ഗേൾസ് ഹോം പ്രവർത്തനങ്ങളിലും സഹോദരിമാരുടെ ഇടയിലെ വിവിധ ശുശ്രൂഷകളിലും സജീവ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. മക്കൾ: മോളി, ഗ്രേസ്, സാമുവൽ ജോൺ, മേഴ്സി, സൂസി. മരുമക്കൾ : സുവി. രവി വിൽസൺ, സണ്ണി, സാലി, ഇ.ജെ. ജോർജ്ജ്, സ്റ്റാൻലി.

### മത്തായി കെ. ഈപ്പൻ



കലന്തൂർ കപ്പമാംമൂട്ടിൽ മത്തായി കെ. ഈപ്പൻ (90) കർത്തൃസന്നിധിയിൽ. കലഞ്ഞൂർ സഭാ മൂപ്പന്മാരിൽ ഒരാളായിരുന്നു. ഭാര്യ കുഞ്ഞമ്മ മക്കൾ : ലില്ലിക്കുട്ടി, ഡോ.ഏബ്രഹാം മാത്യു, തോമസ് മാത്യു, ആലീസ് ജോർജ്ജ്, റോസമ്മ മാത്യു, രമണി മാമ്മൻ.

## റിന്യുവലിനെപ്പററി

റിന്യുവൽ ഒരു ആത്മീക ശുശ്രൂഷയാണ് കഴിഞ്ഞ 11 വർഷങ്ങളോളം നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും മൂലമാണ് ഇതു നിലനിന്നത്. മിഷൻ ഫീൽഡുകളെക്കുറിച്ചുള്ള റിപ്പോർട്ടുകളും പ്രാർത്ഥനാ കലണ്ടറും റിന്യൂവലിന്റെ മാ ത്രം പ്രത്യേകതയാണ്. ഈ ശുശ്രൂഷയിൽ നിങ്ങളുടെ സഹകരണം വളരെ വിലമതിക്കുന്നു. വാർത്തകളും അറിയിപ്പുകളും എഡിറ്ററുടെ പേരിൽ അയച്ചു തരിക. Editor, Renewal P.O. Box 4, Kuttapuzha, Tiruvalla 689103, E-mail: renewal varthakal @ gmail.com.
പബ്ലിഷറുടെ വിലാസം: Renewal, P.B No. 2665, Broadway P.O., Ernakulam 682031. ചെക്കുകളും ഡ്രാഫ്റ്റുകളും Renewal എന്ന പേരിലും മണി ഓർഡർ Shombay Poothuran, Renewal എന്ന പേരിലും മാത്രം എറണാകുളത്തേക്ക് അയക്കുക.

## പ്രയർ കലണ്ടർ ജൂൺ 2011

അനേകർക്കുവേണ്ടി “ഇടിവിൽ” നിൽക്കാൻ മനസ്സുള്ളവർക്ക് എല്ലാ ദിവസം നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ സഹായകരമായ നിലയിലാണ് പ്രയർ കലണ്ടർ ക്രമീകരിച്ചിരിക്കുന്നത്. റിന്യുവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ കൊടുത്തിട്ടുണ്ട്. (1 മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാമാണ്: 5 മിനിറ്റ് സ്തുതി, 5 മിനിറ്റ് സ്തോത്രം, 5 മിനിറ്റ് ഏറ്റുപറച്ചിൽ, 20 മിനിറ്റ് വചന ധ്യാനം, 20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന, 5 മിനിറ്റ് സ്വന്തമായ അപേക്ഷാ വിഷയങ്ങൾ. മദ്ധ്യസ്ഥ പ്രാർത്ഥന സമയത്ത് പ്രയർ കലണ്ടർ ഉപയോഗിക്കാവുന്നതാണ്. ഈ പ്രോഗ്രാം അതേപടി ചെയ്യാൻ നിർബന്ധിക്കുന്നില്ല. ഏകദേശ ധാരണയ്ക്കുവേണ്ടിയാണ്. സ്വമേധയാ നടപ്പാക്കാൻ താൽപര്യമുള്ളവരുടെ സഹായത്തിനാണ് ഇതു നൽകുന്നത്. പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ PB No 2665, ബ്രോഡ്‌വേ, എറണാകുളം – 682031.

### ഞായർ
**സ്ഥലം സഭയ്ക്കു വേണ്ടി**

സഭയുടെ ആത്മീക ഉണർവിനായി. മൂപ്പന്മാർ സുവിശേഷകന്മാർ ശുശ്രൂഷകന്മാർ, ശുശ്രുഷക്കാരത്തികൾ ഇവർ ദൈവഭക്തിയോടെ ശുശ്രൂഷ ചെയ്യുവാൻ. ഞായറാഴ്ച കർത്താവിനെ ഓർക്കുന്നതിനും ആരാധിക്കുന്നതിനും, സമയം പാലിക്കുവാൻ, ഉത്സാഹത്തോടെ പാട്ടുകൾ പാടാനും കൂടുതൽ പേർ സ്തോത്രം ചെയ്യുവാനും, കുടുംബത്തകർച്ചയ്ക്കെതിരെ പ്രാർത്ഥിക്കാം. ഭാര്യാ ഭർത്താക്കന്മാരുടെ കടമകളെപ്പറ്റി കൂടുതൽ ബോദ്ധ്യമുള്ളവരായി വചനപ്രകാരം ജീവിക്കുവാൻ, പിന്മാറ്റക്കാർ തിരിച്ചു വരാൻ. രക്ഷിക്കപ്പെടാത്ത കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ളവർക്കുവേണ്ടി. സഭയിൽ ഭിന്നത വരാതെയിരിക്കാൻ സംരക്ഷണ പ്രാർത്ഥന. പിശാചിന്റെ തന്ത്രങ്ങളെപ്പറ്റി വിശ്വാസികൾ കരുതലോടെ ഇരിക്കുവാൻ. യുവജനങ്ങൾക്കായി പ്രത്യേക മീറ്റിംഗുകൾ പക്വതയുള്ളവരാൽ നയിക്കപ്പെടാൻ. ലോകമയത്വവും ആഡംബരങ്ങളും കുറയുവാൻ. കർത്താവിന്റെ വേലയ്ക്കായി ചിലർ പോകുവാൻ. സഭയിൽ നിന്നും സുവിശേഷകൻമാർ പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബാംഗങ്ങളുടെ പേരു പറഞ്ഞ്. അവർക്ക് തുടർച്ചയായി കൂട്ടായ്മ കാണിക്കുവാൻ. സഭയിലെ എല്ലാവരുടെയും പേര് പറഞ്ഞ്. ബൈബിൾ സ്റ്റഡി, ഭവന പ്രാർത്ഥന ഇവ മുടങ്ങാതെ നടക്കുവാൻ. വചന ശുശ്രൂഷ ചെയ്യുന്നവർക്കായി പ്രത്യേകം. സുവിശേഷം അറിയിക്കുവാൻ എല്ലാ വിശ്വാസികളും തയ്യാറാകാൻ. അതിനു പറ്റിയ ട്രാക്ടുകൾ, ലഘു പുസ്തകങ്ങൾ അച്ചടിക്കുവാൻ. ആവശ്യങ്ങളിലിരിക്കുന്നവരെ അതറിഞ്ഞു സഹായിക്കുവാൻ.

### തിങ്കൾ
**അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി**

നമ്മുടെ ഭരണാധികാരികൾക്കായി പ്രാർത്ഥിക്കാം. കേന്ദ്രമന്ത്രി സഭയിൽ കാബിനറ്റ് മന്ത്രിമാരായി ചുമതലയേറ്റ വി. കിഷോർ ചന്ദ്രദേവ്, ബേനി പ്രസാദ് വർമ്മ, ദിനേഷ് ദ്വിവേദി, ജയറാം രമേശ്, എന്നിവർക്കായും ജയന്തി നടരാജൻ, ശ്രീകാന്ത് ജേന, പവൻ സിങ്ങ് ഗട്ടോവർ, സുദീപ് ബന്ദോപാദ്ധ്യായ, ചർൺ ദാസ് മഹന്ത്, ജിതേന്ദ്ര സിങ്ങ്, മിലിന്ദ് ദേവ്റ, രാജീവ് ശുക്ല എന്നീ സഹ മന്ത്രിമാർക്കായും. ദൈവഭയത്തിൽ ഭരണം നടത്താൻ. കേരളത്തിലെ മന്ത്രിമാർക്കായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ കെ.എം. മാണി, പി.കെ. കുഞ്ഞാലികുട്ടി, ആര്യാടൻ മുഹമ്മദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.കെ. അബ്ദുറബ്ബ്, അടൂർ പ്രകാശ്, പി.കെ. ജയലക്ഷ്മി, കെ. ബാബു, പി.ജെ. ജോസഫ്, വി.കെ. ഇബ്രാഹിം കുഞ്ഞ്, കെ.സി. ജോസഫ്, സി.എൻ. ബാലകൃഷ്ണൻ, എം.കെ. മുനീർ, വി.എസ്. ശിവകുമാർ, ഷിബു ബേബി ജോൺ, കെ.പി. മോഹനൻ, ടി.എം. ജേക്കബ്, കെ.ബി. ഗണേഷ്കുമാർ, എ.പി. അനിൽകുമാർ, എന്നിവർക്കായും സ്പീക്കർ ജി. കാർത്തികേയൻ, ഡപ്യൂട്ടി സ്പീക്കർ എൻ. ശക്തൻ പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ, ചീഫ് വീപ്പ് പി.സി. ജോർജ്ജ്.

### ചൊവ്വ
**രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി**

രക്ഷിക്കപ്പെടാത്ത നിങ്ങളുടെ സ്നേഹിതർക്കുവേണ്ടി. അവരോട് എത്രയും വേഗം സുവിശേഷം പങ്കുവയ്ക്കുവാൻ. അവർക്കു പങ്കെടുക്കാൻ ചില മീറ്റിംഗുകൾ ക്രമീകരിക്കുക. അയൽപക്കത്തുള്ളവരോട് നല്ല സാക്ഷ്യം പുലർത്തി സുവിശേഷം പറയുവാൻ. അനുദിനം കണ്ടു മുട്ടുന്നവർക്കുവേണ്ടി, ബസ്, ഓട്ടോ, ട്രെയിൻ ഡ്രൈവർമാർ, കണ്ടക്ടർ, പെട്രോൾ പമ്പ് ജീവനക്കാർ, കുട്ടികളുടെ സ്കൂൾ ടീച്ചർമാർ, നിങ്ങൾ കാണുന്ന ഡോക്ടർമാർ, നേഴ്സുമാർ നിങ്ങളുടെ എം.പി., എം.എൽ.എ മുനിസിപ്പൽ, കോർപ്പറേഷൻ കൗൺസിലർമാർ, പഞ്ചായത്ത് മെമ്പർമാർ നിങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ വരുന്നവർക്കായി. വിമാനത്തിൽ സഞ്ചരിക്കുമ്പോൾ പൈലറ്റ്, എയർഹോസ്റ്റസുമാർ ഇവർക്കായി. വിശ്വഹിന്ദു പരിഷത്ത് ആർ.എസ്.എസ്. ഇസ്ലാമിക സംഘടനകൾ ഇവരുടെ ഭാരവാഹികൾ രക്ഷിക്കപ്പെടാൻ. ജഡ്ജിമാർ, അഭിഭാഷകർ, സിനിമാ താരങ്ങൾ, നാമധേയ സഭകളുടെ മേലദ്ധ്യക്ഷന്മാർ, തുടങ്ങിയവർക്കായി.

### ബുധൻ
**സൗഖ്യമില്ലാത്തവർക്ക് വേണ്ടി**

കാൻസർ രോഗത്തിൽ നിന്നുള്ള വിടുതലിനായി:– രജനി ജിബി ചേകോട്ട്, പി.ആർ വിൽസൺ – തൃശൂർ, ഏബ്രഹാം പണിക്കർ – പുനലൂർ, മോളി രാജൻ – ഇടുക്കി, ചിന്നു ചെറിയാൻ – അരീപ്പറമ്പ്, ഡോ. മോളി പോൾ – ലുധിയാന, ഗ്രേസ് പോൾ – ചത്തിസ്ഗഡ്, സൂസൻ – മൈലപ്ര, അനിഷ് ജേക്കബ് – ദുബായ്, സാറാമ്മ തോമസ് – വെണ്ണിക്കുളം, വൃക്ക രോഗത്താൽ പ്രയാസപ്പെടുന്ന മോഹൻപിള്ള – ചുമത്ര, സുവി. ഡി. ആനന്ദറാവു – ഗുണ്ടൂർ, സുവി. റ്റി. തോമസ് ചെറിയാൻ – പുനലൂർ, മത്തായി വറുഗീസ് – പുനലൂർ, സുവി. എഡ്വിൻ പോളിന്റെ മകൻ കെന്നത്ത് – ഫരിദാബാദ്, ഹൃദയ സംബന്ധമായ രോഗം:– സുവി. വൈ. തങ്കച്ചൻ – രാജസ്ഥാൻ, വി.കെ. സാമുവൽ – തൃശൂർ, എൻ.ആർ നാഗേന്ദ്രൻ – മധുര. വിവിധ രോഗങ്ങൾ:– ഷൈനി അഗസ്റ്റിൻ – ബിലാസ്പൂർ, സി.സി. മോസസ് – കുന്നംകുളം, ബിൻസി ഏബ്രഹാം – ബാംഗ്ലൂർ, അക്സാ (രണ്ടര മാസം) – ഹെന്നൂർ, സുവി. സോളമൻ നമ്പൂർ – ബച്ചേലി, സുവി. സോളമൻ പ്രധാൻ – ഒറീസ്സ, സുവി. ജോസഫ് പീറ്ററിന്റെ മകൾ പേർസിസ്, പ്രകാശ് – പന്നിവിഴ, സുവി. മാത്യു കൊടിത്തോട്ടം – കോട്ടയം, റോയി ജേക്കബ് – ഡിട്രോയിറ്റ്, ഗ്രേസ് മോൾ – കൂടിയാൻമല, മെർലിൻ – മേപ്രാൽ, സ്റ്റീഫൻ കെ. തോമസ് – ചെന്നൈ. ഗ്ലോറി ഗോഡ്‌ലി – കൊച്ചി, കുഞ്ഞമ്മ ബാബു – തിരുവല്ല, ശ്രദ്ധയോടെ പ്രാർത്ഥിക്കാം. ശുശ്രൂഷിക്കുന്നവർക്കായും.

### വ്യാഴം
**സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ**

സുവിശേഷപ്രവർത്തകരെ ഓർത്ത് പ്രത്യേകം. അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനായും. മണിപ്പൂരിൽ പ്രവർത്തിക്കുന്ന പി.ഏബ്രഹാം – നിരീക്ഷണ, സേവ്യർ മാത്യു – ഏലിയാമ്മ, കുടുംബങ്ങൾക്കായി. മണിപ്പൂർ സംസ്ഥാനത്തിന്റെ സമാധാനത്തിനായി മുഖ്യമന്ത്രി ഒ.ഇബോബി സിംഗ്, ഗവർണർ ഗുർബച്ചൻ ജഗത്. പുതിയ കൂടിവരവുകൾക്കായി സാദ്ധ്യതയുണ്ട്. സഹോദരന്മാരായ സുർജോ, ജെഫ്രി, ജോയ്ചന്ദ്ര, ശേഖർ, ഹേംലറ്റ് എന്നിവരും സുവിശേഷകന്മാരായി പ്രവർത്തിക്കുന്നു. രാജസ്ഥാനുവേണ്ടി നാം വളരെ പ്രാർത്ഥിച്ചതാണല്ലോ. ഇപ്പോഴത്തെ മുഖ്യമന്ത്രി അശോക് ഗെലോട്ട്. സുവിശേഷകന്മാരായ റ്റി.യു. ചെറിയാൻ – മേഴ്സി, റ്റി.ജെ. ജോസഫ് – വൽസമ്മ, ഈപ്പൻ ജോർജ്ജ് – എൽസി, ജെയിംസ് പോൾ – സൂസി, എം.ജി. സാമുവൽ – മേരിക്കുട്ടി, ദർശൻ സിംഗ് – ലൂസി, വി.എം. ജോർജ്ജ് – മേരി, ഏ.കെ. ഐസക് – അമ്മിണി, പി.ബി. സാമുവൽ – ഗ്രേസ്, കെ.എസ്. ജോർജ്ജ്, റ്റി.എ. ഉമ്മൻ – അന്നമ്മ, ജോസഫ് ജോൺ – എസ്ഥേർ, കെ.എസ്. ജോയ് – മോളി, സ്റ്റീഫൻ ചെറിയാൻ – സേറാ, ജെയ്മോൻ കെ. സാം – മിൻസി, നവീൻ കുമാർ പർഗി – സുമിത്ര, റ്റി.സി. വർഗീസ് – ഡെയിസി, വി.ജെ തങ്കച്ചൻ – ഡെയ്സമ്മ (തുടരും).

### വെള്ളി
**ലോക രാജ്യങ്ങൾ**

നോർവേയിൽ നടന്ന കൂട്ടക്കൊല നാം വായിച്ചല്ലോ. സ്വീഡനിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച സമ്പന്ന രാജ്യം. ലൂഥറൻ സഭയാണ് ഔദ്യോഗിക സഭ. മറ്റുള്ളവർക്കും സ്വാതന്ത്ര്യം ഉണ്ട്. 93 ശതമാനം ക്രിസ്ത്യാനികൾ 5 ശതമാനം നിരീശ്വരർ, 1 ശതമാനം മുസ്ലീങ്ങൾ. അനേക മിഷനറിമാരെ മറ്റു രാജ്യങ്ങളിലേക്കു അയക്കുന്ന രാജ്യം സമാധാന ഉടമ്പടികൾക്കു പ്രശസ്തമായ രാജ്യം നടുക്കത്തിലാണ്. പ്രധാനമന്ത്രി ജെൻസ് സ്റ്റോർടൻ ബർഗ്. അനേകരെ വെടിവെച്ചും ബോംബു ചെയ്തും കൊലപ്പെടുത്തിയ അക്രമിയുടെ പേര് ബെഹ്റിങ്ങ് ബ്രെവിക്. താൻ 'ക്രിസ്ത്യൻ യഥാസ്ഥിതികവാദി' എന്നു സ്വയം അവകാശപ്പെട്ടിരിക്കുന്നു. ആത്മീക സ്വാതന്ത്ര്യം നിലനിൽക്കാനായി പ്രാർത്ഥിക്കുക. ലോകത്തിലെ 193 –ാമത്തെ രാജ്യമായ സൗത്ത് സുഡാനുവേണ്ടി. പ്രഥമ പ്രസിഡന്റ് സിൽവാ കീർ മയാർദിട്. ക്രിസ്ത്യാനികൾ ഭൂരിപക്ഷമുള്ള സുഡാന്റെ തെക്കൻ പ്രദേശമാണ് പുതിയ രാജ്യമായത് ക്രിസ്തീയ സാക്ഷ്യം നിലനിൽക്കേണ്ടതിനും ആഭ്യന്തര പ്രശ്നങ്ങൾക്കു പരിഹാമുണ്ടാകേണ്ടതിനും പ്രത്യേകം പ്രാർത്ഥിക്കുക. വടക്കൻ സുഡാനുമായി സമാധാനത്തിൽ കഴിയേണ്ടതിനും. നമ്മുടെ അയൽ രാജ്യങ്ങളായ പാക്കിസ്ഥാൻ, ചൈന, ശ്രീലങ്ക, ഇവയുടെ ഭരണാധികാരികൾക്കായി സമാധാനം നിലനിൽക്കാൻ.

### ശനി
**കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ**

മിഷൻ ആശുപത്രികൾക്കായി. പക്കാഞ്ചോർ ആശുപത്രിയിൽ ഡോക്ടർമാരെ ലഭിക്കാൻ. മറ്റു ജോലിക്കാർക്കായും അവിടെ ആരംഭിച്ചിരിക്കുന്ന ലൈഫ് അക്കാഡമി സ്കൂളിനായും. സാംസൺ നൈനാന്റെ ഭാര്യ ഡോ. പ്രിനിയുടെ ശാരീരിക സൗഖ്യത്തിനായി. സങ്കേശ്വർ മിഷൻ ആശുപത്രിയുടെ പുരോഗതിക്കായി തുടർന്നും. തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി. കർത്താവിനുവേണ്ടി എന്നപോലെ എല്ലാ കാര്യങ്ങളും ഭരണ സമിതിയിലുള്ളവർ ചെയ്യുന്നതിന്. മന്ദമരുതി, വാഴൂർ ബ്രാഞ്ചിനായും, ആന്ധ്രയിലെ നരസപ്പൂർ ആശുപത്രി, അംബാജിപേട്ട സ്ത്രീകളുടെ ആശുപത്രി, കണ്ണാശുപത്രി ഇവയുടെ പ്രവർത്തനങ്ങൾക്കായി.
വെല്ലൂർ സി.എം.സി. ലുധിയാന സി.എം.സി. ഇവയിൽ ആത്മിക ദർശനം നിലനിൽക്കാൻ. വിശ്വാസികളായ ഡോക്ടർമാർക്ക് ഭാരത സുവിശേഷീകരണത്തെപ്പറ്റി ഹൃദയ ഭാരം ഉണ്ടാകാനായി.
ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി, സുവിശേഷകൻ ബാലസംഘം, വൈ.എം.ഇ.എഫ് പ്രവർത്തനങ്ങൾക്കായി. ടീൻസ് പ്രീ ടീൻസ് ക്യാമ്പുകൾക്കായി. നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീക നിലയ്ക്കായി അവരെ വേണ്ടവിധം പരിശീലിപ്പിക്കാൻ മാതാപിതാക്കൾക്കായി. കുട്ടികളുടെ ഇടയിലെ കുറ്റകൃത്യം വർദ്ധിക്കുന്നു. ഇന്റർനെറ്റ്, മൊബൈൽ ഇവയുടെ ദുരുപയോഗം അടുത്ത തലമുറയെ നശിപ്പിക്കാതിരിക്കാൻ.

Printed and published by Tenson Joseph and Printed at Print Experts for Thomson Press, Karimpatta Rd, Pallimukku, Cochin 682016 and published at: Galeed, South Chittoor, Cochin-27.
Editor : Thomas Mathew. Type Setting & Layout : Design Enroute, Ekm.